പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2057 — 22-03-2012 -ൽ മറുപടിക്ക്.

## നിർമ്മിതി കേന്ദ്രത്തിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>" തേറമ്പിൽ രാമകൃഷ്ണൻ<br>" സണ്ണി ജോസഫ്<br>" പി.സി. വിഷ്ണുനാഥ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ ചെലവ് കുറയ്ക്കുന്നതിന് സംസ്ഥാന നിർമ്മിതി കേന്ദ്രം എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) ചെലവ് കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനായി താഴെ പറയുന്ന കർമ്മ പദ്ധതികൾ സംസ്ഥാന നിർമ്മിതി കേന്ദ്രം ആസൂത്രണം ചെയ്തിട്ടുണ്ട് :-<br>1. ഹരിത സാങ്കേതിക വിദ്യയുടെ പ്രചാരണവും ബോധവൽക്കരണവും നടത്തുന്നതാണ്.<br>2. ഹരിത നിർമ്മിതിക്കായുള്ള ചെലവു കുറഞ്ഞ സാമഗ്രികൾ ഉൽപ്പാദിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ആരംഭിക്കുന്നതാണ്.<br>3. ചെലവു കുറഞ്ഞ കെട്ടിട നിർമ്മാണ സാങ്കേതിക വിദ്യ പ്രാവർത്തികമാക്കുന്നതിനായി ഒരു നാഷണൽ ഹാബിറ്റാറ്റ് മ്യൂസിയം ആരംഭിക്കുന്നതാണ്.<br>4. നിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ പരിശീലന പരിപാടികൾ ആസൂത്രണം ചെയ്യുന്നതാണ്.<br>5. നിർമ്മാണ സാമഗ്രികളുടെ അനിയന്ത്രിതമായ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി സംസ്ഥാനത്തുടനീളം കലവറ എന്ന കെട്ടിട നിർമ്മാണ സാമഗ്രികളുടെ ന്യായവില വിപണന കേന്ദ്രം ആരംഭിക്കുന്നതാണ്.<br>6. മണലിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിനായി സർക്കാർ നിയന്ത്രണത്തിലുള്ള ആദ്യത്തെ Artificial Sand Manufacturing Unit ആരംഭിക്കുന്നതാണ്. |

7. ചെലവു കുറഞ്ഞതും ഊർജ്ജ പരിസ്ഥിതി സംരക്ഷണവും ഉറപ്പു വരുത്തുന്നതുമായ നിർമ്മാണ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുക്കുന്നതിനാവശ്യമായ ഗവേഷണങ്ങൾ നടത്തുന്നതിനായി സ്ഥാപിച്ച അന്താരാഷ്ട്ര നിലവാരമുള്ള പഠനകേന്ദ്രമായ ലാബി ഷാസിന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതാണ്.

(ബി) ഭവന നിർമ്മാണ രംഗത്ത് നൂതന സാങ്കേതിക വിദ്യ വികസനത്തിനും ചെലവ് കുറഞ്ഞ നിർമ്മാണത്തിനും പദ്ധതിയിൽ ഊന്നൽ നൽകുമോ;

(ബി) ഇക്കാര്യങ്ങൾക്ക് ഊന്നൽ നൽകിയിട്ടുണ്ട്.

(സി) ചെലവ് കുറഞ്ഞ ഭവന നിർമ്മാണത്തിന് തൊഴിൽ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുമോ ?

(സി) കെട്ടിടനിർമ്മാണ മേഖലയിലെ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലന പരിപാടികൾ നിർമ്മിതികേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു.

Sebu

സെക്ഷൻ ഓഫീസർ